## (65.) പമ്പുമല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പമ്പുമല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയം സ്ഥാപിതമായിട്ട് 90 വർഷങ്ങൾ പിന്നിടുകയാണ്. പിന്നിട്ട വർഷങ്ങളിലേക്ക് സന്തോഷത്തോടെയും അഭിമാനത്തോടെയും തിരിഞ്ഞ് നോക്കിയാൽ ഒട്ടനവധി കാര്യങ്ങളും സംഭവങ്ങളും ഓർമ്മയിൽ വരും. മുഴുവൻ വസ്തുതകളും ഇവിടെ രേഖപ്പെടുത്തുവാൻ കഴിയുന്നില്ല. മറക്കാൻ കഴിയാത്ത അനവധി സംഭവങ്ങൾ ഈ ഇടവകയുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.

### ബഥനി പള്ളി

റവ. ഫാ. പി .റ്റി. ഗീവർഗീസ് അച്ചൻ (ദൈവദാസൻ മാർ ഈവാനിയോസ് മെത്രപ്പോലീത്ത) യാക്കോബായ സഭയിൽ വൈദീകനായിരുന്നപ്പോഴാണ് 1919 ൽ പെരുനാട്ടിലുള്ള മുണ്ടൻ മലയിൽ ബഥനി ആശ്രമം സ്ഥാപിച്ചത്. എം. എ. അച്ചൻ, സെറാമ്പൂർ കോളേജ് പ്രൊഫസർ തുടങ്ങി അനവധി നിലകളിൽ അദ്ദേഹം പ്രസിദ്ധനായിരുന്നു. സഭാമക്കൾക്ക് അദ്ദേഹം ഏറ്റവും സ്വീകാര്യനായ വൈദീകനായിരുന്നു. പി റ്റി ഗീവർഗീസ് അച്ചൻ ബഥനി മെത്രപ്പോലീത്തയായി സ്ഥാനം ഏറ്റ ശേഷം, സ്വതന്ത്രമായ നിലയിൽ 15 സ്ഥലങ്ങളിൽ ബഥനി പള്ളികൾ സ്ഥാപിക്കുവാനും 12 സ്ഥലങ്ങളിൽ പള്ളിക്കായി സ്ഥലം വാങ്ങുവാനും അദ്ദേഹത്തിനുകഴിഞ്ഞു. വലിയ നോമ്പു കാലത്തു വിശിഷ്യ കഷ്ടാനുഭവ ആഴ്ചയിലെ പ്രാത്ഥനകളും ശുശ്രൂഷകളും ഏറ്റവും മനോഹരമായും ഹൃദയസ്പർശിയായും നടത്തുവാൻ ആശ്രമ അധ്യക്ഷനായ പി.റ്റി. ഗീവർഗീസ് അച്ചനും മറ്റ് ആശ്രമ വൈദികരും, ആശ്രമസ്ഥരായ മറ്റുള്ളവരും അതീവശ്രദ്ധപതിപ്പിച്ചിരുന്നു. അതിനാൽ ദൂരസ്ഥലങ്ങളിൽ നിന്നു പോലും ധാരാളം വിശ്വാസികൾ അക്കാലത്തു കഷ്ടാനുഭവ ആഴ്ചയിൽ ബഥനിയിൽ പോയി ശുശ്രൂഷകളിൽ സംബന്ധിക്കുമായിരുന്നു. ഈ നാട്ടിൽ നിന്നും വിശ്വാസികൾ പീഡാനുഭവ ആഴ്ചയിൽ പെരുനാട്ടിലുള്ള ബഥനി ആശ്രമത്തിൽ പോയി ഒരാഴ്ചക്കാലം അവിടെ താമസിച്ചു ശുശ്രൂഷകളിൽ പങ്കെടുത്തു അദ്ധ്യാമിക ചൈതന്യവും അനുഗ്രഹവും പ്രാപിച്ചിട്ടുണ്ട്. അക്കാലത്തെക്കുറിച്ചു നമ്മുടെ പൂർവികർ ഏറെ സന്തോഷത്തോടെ വിവരിച്ചിട്ടുള്ളത് ഇത്തരുണത്തിൽ ഓർമ്മിക്കുന്നു. ബഥനിയിലേക്കുള്ള യാത്രയും അവിടുത്തെ താമസവും ശുശ്രൂഷകളിലുള്ള പങ്കാളിത്തവും ആശ്രമ സ്ഥാപകനായ പി.റ്റി. ഗീവർഗീസ് അച്ചനോടും അതിലുപരി ബഥനിയോടും ഒരു ആത്മബന്ധം സ്ഥാപിക്കുവാൻ നമ്മുടെ പൂർവികർക്ക് കഴിഞ്ഞു. ആ ബന്ധം ശക്തമായി നിലനിർത്തുവാൻ ജനങ്ങളും ആശ്രമസ്ഥാപകനും ആത്മാർഥമായി ശ്രമിച്ചിരുന്നു. സ്വതന്ത്രമായ ബഥനി പള്ളികൾ സ്ഥാപിക്കുവാനുള്ള ബഥനി മെത്രാന്റെ ആഗ്രഹം മനസിലാക്കിയ ഇവിടെ ഉണ്ടായിരുന്ന വിശ്വാസികൾ തങ്ങളുടെ സ്ഥലത്ത് ഒരു ബഥനി പള്ളി സ്ഥാപിക്കുവാൻ ആഗ്രഹിച്ചു. ഒരു ബഥനി പള്ളി ഈ നാട്ടിൽ ഉണ്ടായാൽ ഉണ്ടാകാവുന്ന പ്രയോജനങ്ങളെപ്പറ്റിയുള്ള ബോദ്ധ്യം മനസിലാക്കിയ അവർ പമ്പുമലയിൽ ഒരു ബഥനിപള്ളി സ്ഥാപിക്കണമെന്ന് ആശ്രമ അദ്ധ്യക്ഷനോട് ആവശ്യപ്പെടുകയും, കാലായിൽ കിഴക്കേതിൽ ശ്രീ. കോരള കോരള തരകൻ നൽകിയ സ്ഥലത്ത് ഒരു ബഥനി പള്ളി സ്ഥാപിക്കുകയും ചെയ്തു. അതായിരുന്നു പമ്പുമലയിലെ ആദ്യത്തെ പള്ളി. ഇന്നും ഈ ദൈവാലയത്തെ 'ബഥനി പള്ളി' എന്ന് ജനങ്ങൾ വിളിച്ചു പോരുന്നു. പള്ളി സ്ഥാപിതമായ ശേഷം പെരുനാട് ബഥനിയിൽ നിന്നും ബഹുമാനപ്പെട്ട വൈദികർ ഇവിടെ എത്തി ശുശ്രൂഷകൾ നിർവഹിച്ചുപോന്നു.

### പുനരൈക്യ പ്രസ്ഥാനം

കേരള ക്രൈസ്തവ സഭാ ചരിത്രത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു മഹാസംഭവമായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാത്തോലിക്ക സഭയുമായുള്ള പുനരൈക്യം. കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിലൂടെ മാത്രമേ മലങ്കര സഭയിൽ ശാശ്വതമായ സമാധാനം ഉണ്ടാവുകയുള്ളു എന്ന ബോദ്ധ്യം വന്ന മാർ ഈവാനിയോസ് പിതാവും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന മറ്റ് നാലുപേരും കുടി 1930 സെപ്റ്റംബർ 20-ന് കൊല്ലം അരമനയിൽ വെച്ച് അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ മുൻപാകെ കാത്തോലിക്കസഭാംഗങ്ങൾ ആയ സംഭവമാണ് പുനരൈക്യം എന്ന പേരിൽ അറിയപ്പെടുന്നത്. കത്തോലിക്ക

സഭയുമായുള്ള പുനരൈക്യത്തിനുശേഷം ഒരു മാസം കഴിഞ്ഞു, 1930 ഒക്ടോബർ 20-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത പമ്പുമലയിൽ എത്തിച്ചേർന്നു. ഇവിടുത്തെ ബഥനിമക്കളും മറ്റുള്ളവരും ചേർന്ന് വലിയ ആഘോഷമായാണ് അഭിവന്ദ്യ പിതാവിനെ സ്വീകരിച്ചത്. പിതാവിനെ കാണുവാനും പ്രസംഗം കേൾക്കുവാനുമായി ഒരു വലിയ ജനാവലി പള്ളിയിൽ ഒത്തുചേർന്നു. പ്രസംഗമദ്ധ്യേ താല്പര്യമുള്ളവരെല്ലാം തന്നോടൊപ്പം കാത്തോലിക്ക സഭയിലേക്ക് ചേരണമെന്നുള്ള അഭിവന്ദ്യ പിതാവിന്റെആഹ്വാനം വലിയ ആഹ്ലാദത്തോടെയാണ് സദസ് സ്വീകരിച്ചത്. വന്നു ചേർന്ന മുഴുവൻ പേരും അന്നുതന്നെ കാത്തോലിക്ക വിശ്വാസത്തിലേക്കും സഭയിലേക്കും ചേർക്കപ്പെട്ടു അങ്ങനെ പമ്പുമലയിൽ 1930-ൽ തന്നെ കത്തോലിക്ക സമൂഹം രൂപംകൊണ്ടു. മലങ്കര കത്തോലിക്കാ സഭയിലെ ആദ്യത്തെ ഇടവക എന്ന സ്ഥാനവും പമ്പുമല പള്ളിക്കായി അന്നേദിവസം തന്നെ അടുത്ത പ്രദേശങ്ങളായ ചന്ദനപ്പള്ളി, തട്ട, ഉള്ളന്നൂർ, രാമഞ്ചിറ, മുട്ടത്തുകോണം എന്നീ സ്ഥലങ്ങളിൽ നിന്നും നിരവധി പേർ പമ്പുമലയിൽ എത്തിയിരുന്നു. അവരും പിതാവിന്റെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്ത് കാത്തോലിക്ക സഭയിലേക്ക് ചേർന്നു. അവിടെയെല്ലാം കത്തോലിക്ക ദൈവാലയങ്ങൾ സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങൾക്ക് നമ്മുടെ പൂർവികർ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തു. തന്മൂലം ചുറ്റുപാടുമുള്ള അനവധി ഇടവകകളുടെ മാതൃസ്ഥാനിയാകുവാൻ ഈ ഇടവകയ്ക്ക് കഴിഞ്ഞു.

**ആദ്യകാല പ്രവർത്തകർ**

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലഘട്ടം ക്ലേശങ്ങളും പ്രയാസങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞതായിരുന്നു. ഈ വൈതരണികളെല്ലാം ഇവിടുത്തെ വിശ്വാസികളെയും കാര്യമായി ബാധിച്ചുവെന്ന് പറയാം. കത്തോലിക്കാ വിശ്വാസത്തിലേക്ക് വന്നവർക്ക് ധീര നേതൃത്വം നൽകിയവരും പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണിപടയാളികളും ശക്തരായ വക്താക്കളുമായി പ്രവർത്തിച്ച അനവധി പേർ ഇവിടെ ഉണ്ടായിരുന്നു. എല്ലാവരുടെയും പേരെടുത്തു പറയുന്നില്ല എങ്കിലും മുന്നണിപോരാളികളായി പ്രവർത്തിച്ച കാലായിൽ കിഴക്കേതിൽ ശ്രീ. കോരള വർഗീസ്, സഹോദരങ്ങളായ ശ്രീ കോരള ഉമ്മൻ, ശ്രീ കോരള കോരള വാഴത്തോട്ടത്തിൽ പുതുപ്പറമ്പിൽ ശ്രീ വി. ഐ. ചാണ്ടിസാർ എന്നിവരുടെ സേവനങ്ങൾ പ്രത്യകം എടുത്തുപറയേണ്ടവയാണ്. ഈ ഇടവകയുടെ സ്ഥാപനത്തിനും നിലനില്പിനും വളർച്ചയ്ക്കുമായി പരിശ്രമിച്ച എല്ലാവരെയും ഇന്നത്തെ തലമുറ കൃതജ്ഞതയോടെ ആണ് ഓർമിക്കുന്നത്.

**പള്ളി നിർമ്മാണം**

ഇവിടെ ഒരു ബഥനി പള്ളി സ്ഥാപിച്ച കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ചില പ്രത്യേക കാരണങ്ങളാൽ പ്രസ്തുത പള്ളി പൊളിച്ചു കളയേണ്ടി വന്നു. തന്മൂലം അക്കാലത്തെ വലുതും മനോഹരവുമായ ഒരു കത്തോലിക്ക ദൈവാലയം പണികഴിപ്പിച്ചു. ഇന്നത്തെ പള്ളി നില്ക്കുന്ന അതെ സ്ഥലത്തു പ്രസ്തുത ദൈവാലയം പരിശുദ്ധ അമലോത്ഭവമാതാവിന്റെ നാമത്തിലാണ് സ്ഥാപിച്ചത്. അഭിവന്ദ്യ ആർച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപോലീത്ത കൂദാശ ചെയ്ത പ്രസ്തുത ദൈവാലയം 50 വർഷത്തോളം നിലനിന്നു. പിന്നീടാണ് ഇന്ന് കാണുന്ന പള്ളി നിർമ്മിച്ചത്. പരേതനായ ബഹു. കുറിയാക്കോസ് കോയിക്കലേത്ത് അച്ചൻ വികാരിയായിരിക്കുമ്പോൾ പുതിയ പള്ളി പണിയുവാൻ അരമനയിൽ നിന്നും അനുവാദം ലഭിച്ചു. എങ്കിലും സാമുവേൽ കാട്ടുകല്ലിൽ അച്ചൻ (മോസ്റ്റ്. റവ. ഡോ. സാമുവേൽ മാർ ഐറേനിയോസ്) വികാരിയായിരുന്ന കാലത്താണ് അഭിവന്ദ്യ ആർച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തിരുമനസുകൊണ്ട് തറ കല്ലിടീൽ കർമം നടത്തി പുതിയ പള്ളി പണി ആരംഭിച്ചത്. പിന്നീട് വികാരിമാരായിരുന്ന സാമുവേൽ തെങ്ങുവിള അച്ചനും ജോസഫ് കടകം പള്ളിൽ അച്ചനും പള്ളി പണി പൂർത്തിയാക്കുവാൻ പരിശ്രമിച്ചു. പള്ളി പണി കാലഘട്ടത്തിൽ വികാരിയായിരുന്ന സാമുവേൽ തെങ്ങുവിളയിൽ അച്ചൻ പള്ളി നിർമാണത്തിനുവേണ്ടി നടത്തിയ ത്യാഗത്തെ നന്ദിയോടെ മാത്രമേ ഓർക്കുവാൻ കഴിയു. ജോസഫ് കടകം പള്ളിൽ അച്ചൻ വികാരിയായിരുന്നപ്പോൾ അഭിവന്ദ്യ ആർച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പുതിയ പള്ളിയുടെ കൂദാശ കർമ്മം 1985 ഫെബ്രുവരി 16 ന് നിർവഹിച്ചു.

**ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട വൈദികർ**

ബഥനി പള്ളിയായിരുന്നു കാലത്തു പെരുനാട് ബഥനി ആശ്രമത്തിൽ നിന്നും ക്രിസ്താനുകരണ സന്യാസ സമൂഹ (ഒ. ഐ. സി) ത്തിൽ പെട്ട വൈദീകർ ഇവിടെ ശുശ്രൂഷകൾ നിർവഹിച്ചിരുന്നു. കത്തോലിക്ക ദൈവാലയം ആയതിനുശേഷവും ബഥനി വൈദികർ ഇവിടെ ശുശ്രൂഷ കർമങ്ങൾ നിറവേറ്റിയിരുന്നു. പിന്നീട് കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ട വൈദീകരും, സീറോമലബാർ സഭയിൽപെട്ട ചങ്ങനാശേരി, പാല എന്നീ രൂപതകളിൽനിന്നും മലങ്കര സഭയിൽ ശുശ്രൂഷക്കായി എത്തിച്ചേർന്ന വൈദികരും ഇവിടെ വികാരിമാരായിരുന്നു. ജനങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയോടൊപ്പം ഭൗതിക പുരോഗതിയും സർവോപരി ഇടവകയുടെ വളർച്ചയും ലക്ഷ്യമാക്കി ഒട്ടനവധി കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അവരെല്ലാം പരിശ്രമിച്ചിട്ടുണ്ട്. പി.റ്റി. ജേക്കബ് പുത്തൻവീട്ടിൽ അച്ചൻ ആയിരുന്നു അദ്യത്തെ വികാരി എന്ന് രേഖകൾ സാക്ഷിക്കുന്നു. റവ. ഫാ. ഡാനിയേൽ ബഥേൽ ആണ് ഇപ്പോഴത്തെ വികാരി.

**ഇടവകയിൽ സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട മുൻ വികാരിമാർ**

1. റവ. ഫാ. പി.റ്റി. ജേക്കബ് പുത്തൻവീട്ടിൽ
2. റവ. ഫാ. അലക്സാണ്ടർ പാമ്പൂരേത്ത്
3. റവ. ഫാ. മത്തായി കല്ലട
4. റവ. ഫാ. സഖറിയാസ് എഴിയത്ത്
5. റവ. ഫാ. പി. റ്റി. എബ്രഹാം ആശാരിയത്ത്
6. റവ. ഫാ. ജോസഫ് തച്ചോട്ട്
7. റവ. ഫാ. തോമസ് കൈതനാൽ
8. റവ. ഫാ. ജേക്കബ് മുണ്ടപ്പള്ളിൽ
9. റവ. ഫാ. ജോസഫ് മൈലാടിയിൽ
10. റവ. ഫാ. പി. കെ. ഡാനിയേൽ പുത്തൻപുരയിൽ
11. റവ. ഫാ. ജേക്കബ് കിളന്നമണ്ണിൽ
12. റവ. ഫാ. കെ. തോമസ് ആമ്പശ്ശേരിൽ
13. റവ. ഫാ. ഇടിക്കുള പാണ്ടിയത്തു
14. റവ. ഫാ. മാത്യു തുരുത്തിയിൽ (വന്ദ്യ തുരുത്തിയിൽ മാത്യൂസ് റമ്പാൻ)
15. റവ. ഫാ. തോമസ് പ്ലാവിളയിൽ
16. റവ. ഫാ. തോമസ് പൊന്മേലിൽ
17. റവ. ഫാ. ജോ? കോന്നിയൂർ
18. റവ. ഫാ. മാത്യു തേക്കുംകാട്ടിൽ
19. റവ. ഫാ. കുര്യാക്കോസ് കോയിക്കൽ
20. റവ. ഫാ. സാമുവേൽ കാട്ടുകല്ലിൽ (മോസ്റ്റ്.റവ.ഡോ. സാമുവേൽ മാർ ഐറേനിയോസ്)

21. റവ. ഫാ. സാമുവേൽ തെങ്ങുവിളയിൽ

22. റവ. ഫാ. കെ. വി. ജോൺ

23. റവ. ഫാ. ജോസഫ് കടകംപള്ളിൽ

24. റവ. ഫാ. തോമസ് എഴിയത്ത്

25. റവ. ഫാ. ജോർജ് കുറ്റിയിൽ

26. റവ. ഫാ. എബ്രഹാം മണ്ണിൽ

27. റവ. ഫാ. യേശുദാസ് കൊച്ചുവിളയിൽ

28. റവ. ഫാ. സഖറിയാസ് നെടിയകാലയിൽ

29. റവ. ഫാ. സഖറിയാസ് പുഷ്പവിലാസം

30. റവ. ഫാ. ജോ? ചക്കുള്ളിടത്തു

31. റവ. ഫാ. ജോസഫ് തടത്തിൽ

32. റവ. ഫാ. വർഗീസ് വിളയിൽ

33. റവ. ഫാ. ഡാനിയേൽ കോയിക്കൽ

34. റവ. ഫാ. മാത്യു കയ്യാലക്കൽ

35. റവ. ഫാ. തോമസ് ഈട്ടികാലായിൽ

36. റവ. ഫാ. റോബിൻ മനക്കലേത്ത്

37. റവ. ഫാ. തോമസ് മേപ്പുറത്തു

38. റവ. ഫാ. ജോഷ്വാ മാവേലിൽ

39. റവ. ഫാ. ഡാനിയേൽ ബഥേൽ (വികാരി)

**കുരിശ്ശടികൾ / ഗ്രോട്ടോ**

1. പള്ളിയുടെ മുൻപിലുള്ള കുരിശടി ജോസഫ് തച്ചേട്ടത്ത് അച്ചൻ വികാരിയായിരുന്ന കാലത്തു വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പണികഴിപ്പിച്ചതാണ്.

2. ചെന്നീർക്കരയിലുള്ള കുരിശടി പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. ഈ കുരിശ്ശടി പണിയുമ്പോൾ തോമസ് ആമ്പശ്ശേരിൽ അച്ചൻ ആയിരുന്നു വികാരി.

3. 06/05/2013-ൽ വർഗീസ് വിളയിൽ അച്ചന്റെ കാലത്തു, ശ്രീ. കോരള കോരള കാലായിൽ കിഴക്കേതിലിന്റെ ഓർമ്മയ്ക്ക്, ശ്രീ. ജിജോ കെ. ജേക്കബ് സ്പോൺസർ ചെയ്ത പരിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ ഉള്ള ഗ്രോട്ടോ, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് കൂദാശ ചെയ്തു.

**പള്ളി കെട്ടിടം**

പള്ളിയോടു ചേർന്ന് കാണുന്ന കെട്ടിടം തോമസ് പൊന്മേലിൽ അച്ചൻ വികാരിയായിരുന്ന കാലത്താണ് പണികഴിപ്പിച്ചത്.

**സണ്ടേസ്കൂൾ ഹാൾ**

പള്ളിയോടു ചേർന്ന് കാണുന്ന സണ്ടേസ്കൂൾ ഹാൾ വർഗീസ് വിളയിൽ അച്ചന്റെ കാലത്തു നിർമ്മാണം ആരംഭിക്കുകയും, തോമസ് ഈട്ടിക്കാലായിൽ അച്ചന്റെ കാലത്തു പൂർത്തീകരിക്കുകയും ചെയ്തു.

**പെരുനാളുകൾ**

അമലോത്ഭവ മാതാവിന്റെ പെരുന്നാൾ ഡിസംബർ 7, 8 തീയതികളിലും, വി.ഗീവർഗീസ് സഹദായുടെ പെരുന്നാൾ മെയ് 5, 6 തീയതികളിലും ആഘോഷമായി നടത്തിവരുന്നു. പള്ളി സ്ഥാപിച്ച കാലം മുതൽ നടത്തിവരുന്ന പെരുന്നാൾ ആഘോഷ ദിവസങ്ങളിൽ നാനാ ജാതി മതസ്ഥരായ ധാരാളം ആളുകൾ നേർച്ച കാഴ്ചകളുമായി പള്ളിയിൽ എത്തി തിരുകർമ്മങ്ങളിൽ പങ്കെടുക്കാറുണ്ട്. പരി. ദൈവമാതാവിന്റെ ജനനപെരുന്നാൾ (സെപ്റ്റംബർ 8 ) ഭംഗിയായി ആചരിക്കുന്നു.

**ഇടവകയിൽ നിന്നുള്ള വൈദീകരും കന്യാസ്ത്രികളും**

ഈ ഇടവക സമൂഹം രണ്ട് വൈദീകരെയും 5 കന്യാസ്ത്രികളെയും സഭാ ശുശ്രൂഷകൾക്കായി സഭയ്ക്കു നൽകിയിട്ടുണ്ട്. ഇവരിൽ രണ്ടുപേർ റവ. ഫാ. ഫ്രാൻസിസ് സേവ്യേർ ഒ. ഐ.സി. യും, റവ. സിസ്റ്റർ റീഹ. എസ്. ഐ സി (പുത്തൻവിളയിൽ), റവ. സിസ്റ്റർ. ക്ളീല എസ്.ഐ.സിയും നിത്യ സൗഭാഗ്യത്തിനായി ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അവരുടെ ആത്മശാന്തിക്കായി പ്രാത്ഥിക്കുന്നു. റവ. ഫാ. വർഗീസ് മാത്യു(ഷിബു) കാലായിൽ വടക്കേതിൽ ആണ് ഇടവകയിൽ നിന്നുള്ള വൈദീകൻ. റവ സിസ്റ്റർ ഹാകിം എസ്. ഐ. സി (വാഴത്തോട്ടത്തിൽ പുതുപറമ്പിൽ), റവ സിസ്റ്റർ ഏയ്മാർഡ്. എസ്. ഐ. സി. (പിള്ളശേരിൽ കിഴക്കേതിൽ), റവ. സിസ്റ്റർ മിഖ എസ്. ഐ. സി. (വടക്കേച്ചെരുവിൽ)എന്നിവരാണ് ഇടവകയിൽ നിന്നുള്ള കന്യാസ്ത്രികൾ. ഇടവകയിൽ നിന്നുള്ള വൈദികനും കന്യാസ്ത്രികളും ഇടവകയുടെ അഭിമാനമാണ്.

**അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം**

ഇടവക സ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും ദീർഘകാലം മലങ്കര സഭയെ നയിച്ച ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയസ് പിതാവും മലങ്കര കാതോലിക്കാ സഭയിലെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പും കാതോലിക്കബാവയുമായിരുന്ന മോറോൻ മാർ സിറിൽ ബസേലിയോസ് കാതോലിക്കബാവയും ഇപ്പോൾ മലങ്കര സഭയെ ഭാഗ്യമോടെ നയിച്ചുകൊണ്ടിരിക്കുന്ന മേജർ ആർച്ച് ബിഷപ്പ് മോറോൻ മാർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാബാവ തിരുമനസുകൊണ്ടും പത്തനംതിട്ട മുൻ രൂപതാ അധ്യക്ഷ്യൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസ്റ്റോസ്റ്റം മെത്രാപോലീത്ത തിരുമനസുകൊണ്ടും സഭയിലെ മറ്റ് എല്ലാ പിതാക്കന്മാരും പല സന്ദർഭങ്ങളിൽ ഈ ദൈവാലയത്തിൽ എത്തിച്ചേരുകയും ശുശ്രുഷകൾ നടത്തുകയും ജനങ്ങളെ അനുഗ്രഹിച്ച ആശിർവദിക്കുകയും ആത്മീയ കാര്യങ്ങൾ നിർവഹിക്കുന്നതിന്ന് ശ്രദ്ധിക്കുകയും താൽപര്യം കാണിക്കുകയും ചെയ്തിട്ടുള്ള വസ്തുത ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയുന്നു. ഈ ഇടവകയിൽ നടന്ന ആദ്യത്തെ മാമോദീസ, കാലായിൽ വടക്കേതിൽ ചെറിയാൻ മകൻ മത്തായിക്ക് നൽകിയത് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപോലീത്ത തിരുമനസുകൊണ്ടായിരുന്നു.

**'ബാർ ഈത്തോകാശിറോ'**

വിവിധ മേഖലകളിൽ സഭയ്ക്കു നൽകിയ സേവനങ്ങളെ അംഗീകരിച്ച അത്മായരെ ആദരിക്കുന്നതിനുവേണ്ടി സഭ നൽകുന്ന പദവിയാണ്' ബാർ ഈത്തോകാശിറോ' (സഭയുടെ ഉത്സാഹിയായ പുത്രൻ). ഈ പദവിക്ക് ഇടവകാംഗം ശ്രീ. ചെറിയാൻ ചെന്നീർക്കര അർഹനായി. സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവയാണ് പ്രസ്തുത പദവി നൽകി അദേഹത്തെ ആദരിച്ചത്. പത്തനംതിട്ട ഭദ്രാസനത്തിൽ നിന്നും ഈ പദവിക്ക് അർഹനായിട്ടുളത് ശ്രീ. ചെറിയാൻ

ചെന്നീർക്കര മാത്രമാണ്.

**പ്രാത്ഥനാ ഗ്രൂപ്പുകൾ**

1. സെൻറ് മേരീസ് പ്രാത്ഥനാഗ്രൂപ്പ് - 23 കുടുംബങ്ങളാണ് ഈ പ്രാത്ഥനാഗ്രൂപിലുള്ളത്. പ്രാത്ഥനാഗ്രൂപിന്റെ പ്രസിഡന്റ് ആയി ശ്രി. ജോജി ദാനിയേൽ പുലക്കവിളയിലും, സെക്രട്ടറി ആയി ശ്രീ.ബേബി കൊച്ചു പ്ലാനില്കുന്നതിൽ പ്രവർത്തിക്കുന്നു.

2. സെൻറ് ജോർജ് പ്രാത്ഥനാഗ്രൂപ്പ് - 23 കുടുംബങ്ങളാണ് ഈ പ്രാത്ഥനാഗ്രൂപ്പിലുള്ളത്. പ്രസിഡന്റ് ആയി ശ്രീ. വി.സി.മാത്യു വാഴത്തോട്ടത്തിൽ പുതുപ്പറമ്പിലും സെക്രട്ടറിയായി ശ്രിമതി. ഷീനാ ജോൺസൺ ചരുവിലും പ്രവർത്തിക്കുന്നു. പ്രാത്ഥനാഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ചകളിലും ഓരോ ഭവനത്തിൽ വെച്ച പ്രാത്ഥന നടത്തി വരുന്നു.

**ഭക്ത സംഘടനകൾ**

1. സണ്ടേസ്കൂൾ - ഒന്നാംക്ളാസ് മുതൽ 12 വരെ ക്ളാസുകളിലായി 20 കുട്ടികൾ വിശ്വാസപരിശീലനം നേടുന്നു. ഹെഡ്മിസ്ട്രസ് ആയി ശ്രീമതി ഷേർലി ജോർജ് ചരുവിൽ സേവനം ചെയ്യുന്നു.

2. എം.സി.വൈ.എം.(മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്) - മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) ശക്തമായി പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റ് പ്രെസിഡന്റായി കുമാരി ജെസിയ, സെക്രട്ടറി ആയി ഹെൽവിൻ വിൻസ്, പന്തളം ജില്ലാ ജോയിന്റ് സെക്രട്ടറി ആയി ശ്രീ. പ്രിജോ പ്രസാദ് ജോൺ എന്നിവർ പ്രവർത്തിക്കുന്നു.

3. എം.സി.എ.(മലങ്കര കാത്തലിക് അസോസിയേഷൻ) - എം.സി.എ.മലങ്കരയിലെ അൽമായരുടെ സംഘടനയാണ്. ഇവിടെ എം സി.എ.യൂണിറ്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. യൂണിറ്റ് പ്രസിഡന്റായി ശ്രീ പി.ജി.തോമസ് ജോയ് ഭവനും സെക്രട്ടറിയായി ശ്രീ ബേബി കൊച്ചുപ്ലാവുനിൽക്കുന്നതിൽ പ്രവർത്തിക്കുന്നു.

4. മാതൃവേദി - സ്ത്രീകളുടെ ആത്മീയ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാതൃവേദി ഈ ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്നു. ശ്രീമതി മറിയം ജോർജ് പ്രസിഡന്റും, ശ്രീമതി ഷീനാ ജോൺസൺ ചരുവിൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ഇടവകാംഗം ശ്രീമതി മറിയം ജോർജ് വാഴത്തോട്ടത്തിൽ പുതുപ്പറമ്പിൽ മാതൃവേദി പന്തളം വൈദീകജില്ല പ്രസിഡന്റ് ആയി സേവനം അനുഷ്ഠിക്കുന്നു.

5. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി - സാധുജനസംരക്ഷണം ലക്ഷ്യമാക്കി ലോകം മുഴുവൻ പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് ഡി.പോൾ.സൊസൈറ്റിയുടെ ഒരു യൂണിറ്റ് സെന്റ് മേരീസ് കോൺഫറൻസ് എന്ന പേരിൽ പ്രവർത്തിക്കുന്നു. ശ്രീ റ്റി.എം.രാജൻ തണുങ്ങാട്ടിൽ, ശ്രീമതി ഷീനാ ജോൺസൺ ചരുവിൽ എന്നിവർ കോൺഫറൻസ് പ്രസിഡന്റ്, സെക്രട്ടറി എന്നി നിലകളിൽ പ്രവർത്തിക്കുന്നു.

**കുടുംബങ്ങൾ –** ഇടവകയിൽ ഇപ്പോൾ 46 കുടുംബങ്ങൾ ഉണ്ട്.

**സ്വത്തുക്കൾ –** ചെന്നീർക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 137/10 ൽ 45.ആർ 20 ച മീറ്ററും,ബ്ലോക്ക് നമ്പർ 144 / ൽ 34ആർ 30 ച മീറ്ററും ഉൾപ്പടെ അകെ 79ആർ 50 ച മീറ്റർ സ്ഥലം പള്ളി വകയായി ഉണ്ട്.

**എൻഡോവ്മെന്റുകൾ**

1. സണ്ടേഡേസ്കൂൾ പഠനത്തിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി കാലായിൽ കിഴക്കേതിൽ ശ്രീ.കോരള കോരളയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റിന്റെ പലിശ ഇനത്തിൽ ലഭിക്കുന്ന തുക എല്ലാ വർഷവും 10, 12 ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് 5000 രൂപ നൽകിവരുന്നു.

2. റ്റി. എം. മാത്യു & കുഞ്ഞമ്മ മാത്യു മെമ്മോറിയൽ എൻഡോവ്മെന്റ് സ്പോൺസർ ചെയ്തിരിക്കുന്നത്: സി.സി. മാത്യു & പൊന്നമ്മ മാത്യു, ചെറിയത്ത് വിളയിൽ. (25000)

3. വാഴത്തോട്ടത്തിൽ വി.സി. സാമുവേൽ & ചിന്നമ്മ സാമുവേൽ മെമ്മോറിയൽ എൻഡോവ്മെന്റ്, സ്പോൺസർ ചെയ്തിരിക്കുന്നത്: ജെയിംസ് വി. സാമുവേൽ. (50000)

സഭയുടെയും ഇടവകയുടെയും എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുടുംബങ്ങളുടെയും സജീവ സഹകരണം ലഭിക്കുന്നുണ്ട്. പിന്നിട്ട 90 വർഷകാലം ദൈവാനുഗ്രഹം സമൃദ്ധമായി ലഭിച്ച നാളുകളായിരുന്നു.ഇടവകയേയും ഇടവക ജനങ്ങളെയും സർവോപരി ഈ നാടിനെയും കാത്തുപരിപാലിച്ചുകൊണ്ടിരിക്കുന്ന പരമകാരുണ്യവാനായ ദൈവം തമ്പുരാന് നന്ദി രേഖപെടുത്തുന്നു. ഇടവകയുടെ മധ്യസ്ഥയായ പരി.ദൈവമാതാവിനോടും കാവലും കോട്ടയുമായ വി. ഗീവർഗീസ് സഹദായോടുമുള്ള ഭക്തിയും ബഹുമാനവും രേഖപ്പെടുത്തുന്നു. ആത്മാർത്ഥതയോടെ അർപ്പണ മനോഭാവത്തോടെ ഇടവകയെ പരിപാലിച്ച അഭിവന്ദ്യ പിതാക്കന്മാരെയും ശുശ്രൂഷ ചെയ്ത വൈദീകരെയും സന്യസ്തരെയും നന്ദിയോടെ ഓർക്കുന്നു.ഇടവക സമൂഹത്തിന് ധീരവും ശക്തവുമായ നേതൃത്വം നൽകിയ അൽമായരിൽ പലരും നിത്യസൗഭാഗ്യത്തിനായി കടന്നുപോയി. അവരുടെ ആത്മാക്കൾക്ക് ദൈവം നിത്യശാന്തി നൽകട്ടെ.